## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 677** **29.01.2019 -ൽ മറുപടിയ്ക്ക്**

### പട്ടാമ്പി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

ചോദ്യം

ശ്രീ.മുഹമ്മദ് മുഹസിൻ പി. :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ടൂറിസം വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;വിശദീകരിക്കുമോ; | എ) | ഫോക്കലോർ പാർക്ക്- തിരുവേഗപ്പുര എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ പ്രളയത്തിൽ ടി പാർക്കിൽ വെള്ളം കയറുകയും തുടർന്ന് പാർക്കിലെ എല്ലാ ഘടകങ്ങൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തു. പ്രസ്തുത പാർക്കിൽ തുടർച്ചയായി മഴ പെയ്യുമ്പോൾ വെള്ളം കയറുന്നതിനാൽ പാർക്കിന്റെ പുനരുദ്ധാരണം നടത്തുന്നത് അഭികാമ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് ടൂറിസം രംഗത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | ബി) | ഭാരതപ്പുഴ കേന്ദ്രീകരിച്ച് നിലവിൽ ടൂറിസം പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഭാരതപ്പുഴയുടെ ടൂറിസം സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ